**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 834** **11-02-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിദ്യാർത്ഥികൾക്ക് നല്കിവരുന്ന വിദ്യാഭ്യാസ ഗ്രാന്റ് നിർത്തലാക്കിയിട്ടുണ്ടോ; ഗ്രാന്റ് ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പട്ടികജാതി വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് പദ്ധതി നിർത്തലാക്കിയിട്ടില്ല. പട്ടികജാതി വിഭാഗ വിദ്യാർത്ഥികളുടെ 2023-24 അധ്യയന വർഷങ്ങളിലെ അപ്രൂവൽ ലഭിച്ച ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2024-25 സാമ്പത്തികവർഷം ബഡ്ജറ്റിൽ ലഭ്യമായ 223 കോടി രൂപയും അധിക തുക വകയിരുത്തിയതു മുഖേന ലഭിച്ച 110 കോടി രൂപയും ഉൾപ്പടെ 333 കോടി രൂപ പൂർണ്ണമായും വിനിയോഗിച്ച്കൊണ്ട് കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട് 2024-25 അധ്യയന വർഷത്തെ അപേക്ഷകൾ നിലവിൽ സ്വീകരിച്ച് വരികയാണ് ഇതിൽ അപ്രൂവൽ ലഭിച്ച സ്കോളർഷിപ്പ് ക്ലെയിമുകളുടെ തുക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽ അധികതുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു |
| (ബി) | ഗ്രാന്റ് നല്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഇ-ഗ്രാന്റ്റ്സ് പോസ്റ്റ് സ്കോളർഷിപ്പ് പദ്ധതി നിലവിൽ സ.ഉ (അച്ചടി) നമ്പർ2/2023/SCSTD,തീയതി:05.01.2023, സ.ഉ (അച്ചടി) നമ്പർ9/2023/SCSTD,തീയതി:26.12.2023 ഉത്തരവുകളിലെ മാനദണ്ഡ പ്രകാരം വിതരണം ചെയ്തു വരുന്നു. ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു |
| (സി) | 2024-25 വർഷം ഗ്രാന്റ് ലഭിക്കാത്ത പട്ടികജാതി വിദ്യാർത്ഥികൾക്ക് ആയത് ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (സി) | പട്ടികജാതി വിഭാഗ വിദ്യാർത്ഥികളുടെ 2024-25 അധ്യയന വർഷത്തെ അപ്രൂവൽ ലഭിച്ച സ്കോളർഷിപ്പ് ക്ലെയിമുകളുടെ വിതരണം പൂർത്തീകരിക്കുന്നതിനായി അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു . |
| (ഡി) | നഴ്സിംഗ് കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പൻഡ്, ഹോസ്റ്റൽ ഫീസ് എന്നിവ 2024-25 വർഷം വിതരണം | (ഡി) | പട്ടികജാതി വിഭാഗ വിദ്യാർത്ഥികളുടെ 2023-24 അധ്യയന വർഷം വരെയുള്ള അപ്രൂവൽ ലഭിച്ച സ്കോളർഷിപ്പ് ക്ലെയിമുകൾ 2024-25 സാമ്പത്തിക |

| | | | |
|---|---|---|---|
| | ചെയ്തിട്ടുണ്ടോ; വിതരണത്തിൽ വരുന്ന കാലതാമസം ഒഴിവാക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വെബ് പോർട്ടലുകൾ ഇ-ഗ്രാന്റ് പോർട്ടലുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ? | | വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ ലഭ്യമായ തുക പൂർണ്ണമായും വിനിയോഗിച്ച് വിതരണം നടത്തിയിട്ടുണ്ട്. ബാക്കിയുള്ള ക്ലെയിമുകളുടെ വിതരണം പൂർത്തീകരിക്കുന്നതിനായി അധിക തുക വകയിരുത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ട് .ഹയർസെക്കന്ററി സ്ഥാപനങ്ങളുടെ അഡ്മിഷൻ പോർട്ടൽ ഇ-ഗ്രാൻറ്സ് പോർട്ടലുമായി ബന്ധിപ്പിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റികളുടെ വെബ് പോർട്ടലുകൾ ഇ-ഗ്രാന്റ് പോർട്ടലുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

150 YEARS OF CELEBRATING THE MAHATMA

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സമഗ്രമായ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്**

സ.ഉ.(അച്ചടി) നം.2/2023/SCSTD തീയതി,തിരുവനന്തപുരം, 05-01-2023

പരാമർശം:-

1) സ.ഉ.(അച്ചടി) നം.50/2009/പജപവവിവ തീയതി 02/07/2009
2) സ.ഉ. (അച്ചടി) നം.124/2010/പജപവവിവ തീയതി 23/12/2010
3) കേന്ദ്ര സർക്കാരിന്റെ പട്ടിക വർഗവിദ്യാർത്ഥികൾക്കുള്ള 2010ലെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ
4) സ.ഉ. (സാധാ) നം.212/2011/ പജപവവിവ തീയതി 14/02/2011
5) സ.ഉ. (സാധാ) നം.587/2011/ പജപവവിവ തീയതി 27/06/2011
6) സ.ഉ. (പി) നം.10/2017/പജപവവിവ തീയതി 14/11/2017
7) സ.ഉ. (കൈ) നം. 96/2018/പജപവവിവ തീയതി 15/12/2018
8) സ.ഉ.(പി) നം.4/2021/പജപവവിവ തീയതി. 06/12/2021
9) കേന്ദ്ര സർക്കാരിന്റെ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള 2021ലെ പുതുക്കിയ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് മാർഗ്ഗ നിർദ്ദേശങ്ങൾ
10) സ.ഉ. (കൈ) നം.20/2022/ പജപവവിവ തീയതി 08/04/2022

**ഉത്തരവ്**

സംസ്ഥാന സർക്കാർ അനുവദിക്കുന്ന വിദ്യാഭ്യാസാനുകൂല്യം പ്രയോജനപ്പെടുത്തി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾ കേരളത്തിനകത്തും പുറത്തും വിവിധ കോഴ്സുകളിൽ പഠനം നടത്തി വരുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതിന് വിദ്യാഭ്യാസ രംഗത്തെ സംസ്ഥാനത്തിനകത്തുള്ള പഠനം എന്നും ഇതര സംസ്ഥാനത്തിന് പുറത്തുള്ള പഠനമെന്നും രണ്ടു വിഭാഗമായി തിരിച്ച് പരാമർശം(1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിലെ വ്യവസ്ഥകൾ അനുസരിച്ചാണ് പട്ടികജാതി/പട്ടികവർഗ്ഗ പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്തു വരുന്നത്. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുടെ കേന്ദ്രമാർഗ നിർദേശങ്ങൾ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവിലെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് സംബന്ധിച്ച ഖണ്ഡിക (B), (C), (D) (E) എന്നിവയുടെയും വിഭാഗം II സംസ്ഥാനത്തിനു പുറത്തുള്ള പഠനം എന്നിവയുടെയും വ്യവസ്ഥകൾ ചുവടെ ചേർക്കും പ്രകാരം പരിഷ്കരിച്ചു കൊണ്ടും മാനദണ്ഡങ്ങൾ ഏകീകരിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരിഷ്കരിച്ച മാനദണ്ഡങ്ങൾ**

**(A) . സ്കോളർഷിപ്പ്: പൊതുവായ മാനദണ്ഡങ്ങൾ/പൊതു വ്യവസ്ഥകൾ**

(1) സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള പട്ടികജാതി/ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(2) ഇഗ്രാന്റ്സ് പദ്ധതി പ്രകാരം സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികൾക്ക് മറ്റേതെങ്കിലും സ്കോളർഷിപ്പിന് അർഹത നേടുന്ന പക്ഷം വിദ്യാർത്ഥികൾ തീരുമാനമെടുത്ത് അഭികാമ്യമായ ഏതെങ്കിലും ഒരു സ്കോളർഷിപ്പ് മാത്രം വാങ്ങാവുന്നതാണ്.

(3) വിദ്യാർത്ഥികൾക്ക് ആധാർ സീഡ് ചെയ്ത ബാങ്ക് അക്കൗണ്ടുകൾ ഉണ്ടായിരിക്കേണ്ടതാണ്.

(4) ഒരു അക്കാഡമിക് വർഷം ഒരു കോഴ്സിനു മാത്രമേ സ്കോളർഷിപ്പ് അർഹതയുള്ളൂ.

(5) ഒരു അക്കാഡമിക് വർഷത്തെ തൃപ്തികരമായ പ്രകടനം, 75% ഹാജർ നില എന്നിവയുടെ അടിസ്ഥാനത്തിൽ റിന്യൂവൽ നൽകുന്നതാണ്.

(6) രോഗം കാരണമായി ഒരു അക്കാഡമിക് വർഷത്തെ പരീക്ഷയെഴുതാൻ കഴിയാത്ത പക്ഷം ബന്ധപ്പെട്ട അതോറിറ്റിയിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സ്ഥാപന മേധാവിയുടെ ശുപാർശ പ്രകാരം റിന്യൂവൽ നൽകുന്നതാണ്.

(7) ഏതെങ്കിലും യൂണിവേഴ്സിറ്റി/സ്ഥാപനത്തിന്റെ നിയമാവലി പ്രകാരം താഴ്ന്ന ക്ലാസിലെ പരീക്ഷ പാസാകാതെ ഉയർന്ന ക്ലാസിലേക്ക് പ്രൊമോട്ട് ചെയ്യുകയും പിന്നീട് താഴ്ന്ന ക്ലാസിലെ പരീക്ഷ എഴുതേണ്ടി വരികയും ചെയ്താലും മറ്റു വിധത്തിൽ അർഹതയുള്ള പക്ഷം വിദ്യാർഥിക്ക് ഉയർന്ന ക്ലാസിലെ സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(8) ഏതെങ്കിലും ക്ലാസിൽ തോൽക്കുകയും അതേ ക്ലാസിൽ റഗുലർ സ്റ്റുഡന്റ് ആയി വീണ്ടും ചേരുകയും ചെയ്താൽ ഒരു അധികവർഷം അല്ലെങ്കിൽ യഥാർഥ കാലയളവ്, ഏതാണോ കുറവ് എന്നതു പ്രകാരം ആനുകൂല്യം അനുവദിക്കുന്നതാണ്. ഇപ്രകാരം റിപ്പീറ്റ് ചെയ്യുന്നവർക്ക് ഫീസ് ആനുകൂല്യങ്ങളും സ്റ്റേറ്റ് അക്കാഡമിക് അലവൻസിന്റെ 50% നിരക്കിലുള്ള തുകയും ഒരു തവണത്തേക്കു മാത്രം അനുവദിക്കുന്നതാണ്.പട്ടിക വർഗ വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം 3 തവണത്തേക്ക് ലഭ്യമാണ്.

(9) വിജ്ഞാപന പ്രകാരമുള്ള നിശ്ചിത സമയത്തിനുള്ളിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾക്കുള്ള അപേക്ഷ സമർപ്പിച്ചിരിക്കണം.

(10) ഒരു കോഴ്സിന് ഒറ്റത്തവണ മാത്രം വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതിയാകും.

(11) തെറ്റായ വിവരങ്ങൾ നൽകി ആനുകൂല്യം നേടിയതായി തെളിയുന്ന പക്ഷം സ്കോളർഷിപ്പ് റദ്ദാക്കുന്നതും, നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(12) അനുമതിയില്ലാതെ കോഴ്സ്/സ്ഥാപനം എന്നിവ മാറിയാൽ സ്കോളർഷിപ്പ് റദ്ദാക്കുന്നതാണ്. ഇത്തരം കേസുകൾ സ്ഥാപന മേധാവികൾ യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(13) കേന്ദ്ര/സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പരിഷ്കരിക്കുന്ന മുറക്ക് ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേനയുള്ള സ്കോളർഷിപ്പ് വിതരണ രീതി ക്രമീകരിക്കുന്നതാണ്.

**(B) കോഴ്സുകൾ**

ചുവടെ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അംഗീകൃത സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, കോളജുകൾ എന്നിവിടങ്ങളിലെ എല്ലാ അംഗീകൃത പോസ്റ്റ്മെട്രിക്കുലേഷൻ/പോസ്റ്റ് സെക്കന്ററി കോഴ്സുകൾ പഠിക്കുന്നതിന് മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്ക് സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും.

(1) ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ (Institutions of National Importance)

(2) സെൻട്രൽ/സ്റ്റേറ്റ് യൂണിവേഴ്സിറ്റി/യു.ജി.സി അംഗീകാരമുള്ള സ്വയംഭരണ കോളേജുകൾ (Central University/ State University/ Autonomous Colleges recognized by UGC)

(3) ഡീംഡ് യൂണിവേഴ്സിറ്റികൾ (Deemed Universities)

(4) സംസ്ഥാന/കേന്ദ്ര സർക്കാർ അംഗീകരിച്ച സ്വകാര്യ യൂണിവേഴ്സിറ്റികൾ (All Private Universities recognised by State/Centre)

(5) സംസ്ഥാന സർക്കാരിന്റെയോ, കേന്ദ്ര സർക്കാരിന്റെയോ അംഗീകാരമുള്ള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും ബഹു. സുപ്രീം കോടതി നിർദ്ദേശ പ്രകാരമുള്ള ഫീ ഫിക്സേഷൻ കമ്മിറ്റിയുടെ പരിധിയിൽ വരുന്നതുമായ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ (Private Professional Institutions

affiliated to a recognised Central/State University and covered by a Fee Fixation Committee as mandated by Supreme Court)
(6) 11, 12 ക്ലാസുകൾക്ക് അംഗീകാരമുള്ള സ്കൂൾ (Recognised Schools for Classes XI and class XII)
(7) കേന്ദ്ര /സംസ്ഥാന സർക്കാർ അംഗീകാരമുള്ളതും ഡിപ്ലോമ കോഴ്സ് നടത്തുന്നതുമായ സ്ഥാപനങ്ങൾ (Diploma granting Institutions as recognised by State/Central Governments)
(8) NMC/AICTE തുടങ്ങിയ അംഗീകൃത ഏജൻസികൾ ,സംസ്ഥാന/കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മറ്റ് നിയന്ത്രണ ഏജൻസികൾ (regulatory body) അഫിലിയേറ്റ് / അംഗീകരിച്ച ആയ കോഴ്സ്/ സ്ഥാപനങ്ങൾ (Institutions/Course affiliated/approved by the appropriate bodies like NMC/AICTE etc. or any other regulatory body established by State/Central/Centre)
(9) NCVT യുടെ അംഗീകാരമുള്ള വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ (Vocational training institutes affiliated to National Council for Vocational Training (NCVT) )

**(C) വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

(1) AISHE Code/UDISE Code ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാത്രമേ സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.
(2) സ്ഥാപനം National Scholarship Portal ൽ രജിസ്റ്റർ ചെയ്തിരിക്കണം.
(3) 2024നു മുമ്പ് NAAC/NBA അക്രഡിറ്റേഷൻ നേടാത്ത ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.
(4) സ്ഥാപനങ്ങളിൽ ആധാർ അധിഷ്ഠിത അറ്റൻഡൻസ് സിസ്റ്റം നടപ്പിലാക്കുകയും അത് സ്കോളർഷിപ്പ് പോർട്ടലുമായി ലിങ്ക് ചെയ്യേണ്ടതാണ്.
(5) സംസ്ഥാന സർക്കാർ വിദ്യാർത്ഥിക്കു നൽകുന്ന Freeship Card അംഗീകരിക്കുകയും മുൻകൂർ ഫീസ് ഒടുക്കാതെ തന്നെ അഡ്മിഷൻ നൽകേണ്ടതാണ്.

**(D) വിദ്യാർഥികളുടെ അർഹത**

**D1. സംസ്ഥാനത്തിനകത്തുള്ള പഠനം**

(1) കേന്ദ്ര/സംസ്ഥാന സർക്കാരുകൾ, കേന്ദ്ര/സംസ്ഥാന യൂണിവേഴ്സിറ്റികൾ, കേന്ദ്ര/സംസ്ഥാന സർക്കാർ ഏജൻസികൾ, കേന്ദ്ര/സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള ബോർഡുകൾ തുടങ്ങിയവ സംസ്ഥാന തലത്തിലോ അഖിലേന്ത്യാ തലത്തിലോ നടത്തുന്ന പ്രവേശന പരീക്ഷകളിലൂടെ മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്നവർക്ക് മാത്രം സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും
(2) യൂണിവേഴ്സിറ്റികളുടെ ഏകജാലക സംവിധാനം വഴി മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്കും മെറിറ്റ്/ റിസർവേഷൻ പാലിച്ച് സ്പോട്ട് അഡ്മിഷൻ വഴി പ്രവേശനം നേടുന്നവർക്കും അലോട്ട്മെന്റ് മെമ്മോയുടെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും.
(3) സ്പോർട്സ് ക്വോട്ടയിലും ഡിഫൻസ് ക്വോട്ടയിലും സംസ്ഥാനത്തിനകത്ത് പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ വിഭാഗം വിദ്യാർഥികൾക്ക് സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും.

**D 2. ഇതര സംസ്ഥാന പഠനം**

സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികൾ നടത്തുന്ന അഖിലേന്ത്യാ തലത്തിലുള്ള പ്രവേശന പരീക്ഷയിലൂടെ മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്കും, സുതാര്യവും, നീതിയുക്തവുമായ രീതിയിൽ മെറിറ്റ്/ റിസർവേഷനിൽ സ്പോട്ട് അഡ്മിഷൻ നേടുന്നവർക്കും മാത്രം സംസ്ഥാനത്തിനു പുറത്തുള്ള പഠനത്തിന് സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും

**(E) സ്കോളർഷിപ്പ് നിരക്ക്/വിതരണം**

(1) ചുവടെ പറയും പ്രകാരം രണ്ടു ഘടകങ്ങളായാണ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് വിദ്യാർത്ഥികളുടെ അക്കൗണ്ടിൽ വിതരണം ചെയ്യുന്നത്.

a) സംസ്ഥാന സർക്കാർ/യൂണിവേഴ്സിറ്റി/സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ ഫീ ഫിക്സേഷൻ കമ്മിറ്റി തുടങ്ങിയവ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെടുന്ന Compulsory Non-Refundable fees

b) സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള സ്റ്റേറ്റ് അക്കാഡമിക് അലവൻസ്

(2) സ്കോളർഷിപ്പ് വിതരണ നടപടികൾ ഇ-ഗ്രാന്റ്സ് പോർട്ടൽ/ നാഷണൽ പോർട്ടൽ മുഖേന ഓൺലൈനായി നിർവഹിക്കുന്നതാണ്.

(3) കേന്ദ്ര സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരമുള്ള പരിധിയിൽ ഉൾപ്പെടുന്ന വിദ്യാർഥികൾക്ക് കേന്ദ്ര-സംസ്ഥാന വിഹിതമടങ്ങിയ സ്കോളർഷിപ്പ് ഇ-ഗ്രാന്റ്സ് പോർട്ടൽ/നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖേന ലഭിക്കുന്നതാണ്. കേന്ദ്ര സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരമുള്ള പരിധിയിൽ ഉൾപ്പെടുന്ന വിദ്യാർഥികൾക്ക് കേന്ദ്ര നിരക്കിലുള്ള അക്കാഡമിക് അലവൻസ് സംസ്ഥാനം നിശ്ചയിച്ചിട്ടുള്ള സ്റ്റേറ്റ് അക്കാഡമിക് അലവൻസിനെക്കാൾ കുറവാണെങ്കിൽ സ്റ്റേറ്റ് അക്കാഡമിക് അലവൻസിനു തത്തുല്യമായ അധിക തുക സംസ്ഥാന ധനസഹായമായി ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന നൽകുന്നതാണ്.

(4) കേന്ദ്ര സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരമുള്ള പരിധിയിൽ ഉൾപ്പെടാത്ത വിദ്യാർഥികൾക്ക് സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന വരുമാന പരിധിക്കും മറ്റു നിബന്ധനകൾക്കും വിധേയമായി ഖണ്ഡിക D(1) (a), (b) പ്രകാരമുള്ള സ്കോളർഷിപ്പ് നൽകുന്നതാണ്.

(5) സംസ്ഥാന യൂണിവേഴ്സിറ്റികൾ, IGNOU എന്നിവ വഴിയുള്ള വിദൂര/ഓൺലൈൻ/പാർട്ട് ടൈം/ഈവനിംഗ് കോഴ്സുകൾക്ക് ഖണ്ഡിക D(1) (a) പ്രകാരമുള്ള ഫീസ് മാത്രമേ ലഭിക്കുകയുള്ളൂ. ഖണ്ഡിക D(1) (b) പ്രകാരമുള്ള സംസ്ഥാന അക്കാദമിക് അലവൻസിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

<u>(F) ഫെലോഷിപ്പ് നിരക്ക്</u>

(1) PhD, MPhil, MTech, M lit തുടങ്ങിയ കോഴ്സുകളിൽ യു.ജി.സി/ ഗേറ്റ് പാസാകാത്ത വിദ്യാർഥികൾക്ക് യു.ജി.സി കാലാകാലങ്ങളിൽ അനുവദിക്കുന്ന തുകയുടെ 75% നിരക്കിൽ ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും സംസ്ഥാന ധനസഹായമായി അനുവദിക്കുന്നതാണ്. ഫെലോഷിപ്പ് കണ്ടിജന്റ് ഗ്രാന്റ് ലഭിക്കുന്ന വിദ്യാർഥികൾക്ക് ഖണ്ഡിക D(1)(b) യിൽ പരാമർശിക്കുന്ന സ്റ്റേറ്റ് അക്കാഡമിക് അലവൻസ് ലഭിക്കുന്നതല്ല. കേന്ദ്ര സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരമുള്ള പരിധിയിൽ ഉൾപ്പെടുന്ന വിദ്യാർഥികൾക്ക് കേന്ദ്ര നിരക്കിലുള്ള അക്കാഡമിക് അലവൻസ് ലഭിക്കുന്നതിനാൽ പ്രസ്തുത വിദ്യാർഥികളുടെ കണ്ടിജന്റ് ഗ്രാന്റ് തുക അക്കാഡമിക് അലവൻസിൽ ക്രമീകരിക്കുന്നതാണ്.

(2) കേരളത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളിൽ PhD, MPhil, MTech, M lit എന്നീ കോഴ്സുകൾക്കു പഠിക്കുന്ന UGC/GATE/NET യോഗ്യതാ പരീക്ഷ പാസാകാത്ത പട്ടികജാതി/ പട്ടികവർഗ വിദ്യാർഥികൾക്ക് ഇവ പാസായ വിദ്യാർഥികൾക്കു നൽകുന്ന ഫെലോഷിപ്പ്, കണ്ടിജന്റ് ഗ്രാന്റ് എന്നിവയുടെ 75% നിരക്കിലുള്ള തുക നൽകുന്നതാണ്. UGC/AICTE എന്നിവ ഫെലോഷിപ്പ് നൽകുന്ന കോഴ്സുകൾക്കു മാത്രമാണ് 75% നിരക്കിലുള്ള സ്കോളർഷിപ്പ് നൽകുന്നത്. UGC/AICTE ഫെലോഷിപ്പുകൾ നൽകാത്ത മറ്റൊരു കോഴ്സിനും സ്കോളർഷിപ്പ് നൽകുന്നതല്ല.

(3) എം.ഫിൽ, പി.എച്ച്.ഡി തുടങ്ങിയ കോഴ്സുകൾ പഠിക്കുന്നതും, യു.ജി.സി പാസാകാത്തവരുമായ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന തുകയുടെ 75% നിരക്കിൽ ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 40 വയസും, ആനുകൂല്യം ലഭിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 45 വയസും ആണ്

<u>(G) ഫ്രീഷിപ്പ് കാർഡ്</u>

ക്രേന്ദ്ര/ സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ ഫ്രീഷിപ്പ് കാർഡ് അനുവദിക്കുന്നതാണ്.

വിദ്യാർത്ഥികൾക്ക് നൽകുന്ന Freeship Card അംഗീകരിക്കുകയും മുൻകൂർ ഫീസ് ഒടുക്കാതെ തന്നെ സ്ഥാപനങ്ങൾ അഡ്മിഷൻ നൽകേണ്ടതാണ്.

(1) ഫ്രീഷിപ്പ് കാർഡിനായി വിദ്യാർത്ഥികൾ ഇ-ഗ്രാന്റ്സ് പോർട്ടൽ/ സ്കോളർഷിപ്പ് പോർട്ടൽ വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനായി മുഴുവൻ സമയവും പോർട്ടൽ ലഭ്യമാകുന്നതാണ്. രജിസ്ട്രേഷനായി പാസ്പോർട്ട് സൈസ് ഫോട്ടോ, പാസായിട്ടുള്ള വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ, ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾ ഇ-ഗ്രാന്റ്സ് പോർട്ടലിൽ ലഭ്യമാകുന്നതാണ്.

(2) രജിസ്ട്രേഷൻ പരിശോധന പ്രക്രിയ പൂർത്തിയാക്കി 30 ദിവസത്തിനകം ഇ-ഗ്രാന്റ്സ് പോർട്ടൽ വഴി ഫ്രീഷിപ്പ് കാർഡ് നൽകുന്നതാണ്. ഇത് പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

(3) വിദ്യാർത്ഥികൾക്ക് നൽകുന്ന Freeship Card അംഗീകരിച്ച് മുൻകൂർ ഫീസ് ഒടുക്കാതെ തന്നെ സ്ഥാപനങ്ങൾ അഡ്മിഷൻ നൽകേണ്ടതും , അന്നേ ദിവസം തന്നെ ഇ-ഗ്രാന്റ്സ് പോർട്ടൽ പരിശോധിച്ച് ആധികാരികത ഉറപ്പ് വരുത്തേണ്ടതുമാണ്.

(4) സ്കോളർഷിപ്പ് ലഭ്യമായി ഒരാഴ്ചക്കകം സ്ഥാപനങ്ങൾക്ക് ഒടുക്കേണ്ട തുക വിദ്യാർത്ഥികൾ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്.

(5) വിദ്യാർത്ഥികളുടെ അക്കൗണ്ടിൽ സ്കോളർഷിപ്പ് നൽകുന്ന വിവരം യഥാസമയം സ്ഥാപനത്തെ അറിയിക്കുന്നതും, വിദ്യാർത്ഥികൾ ഒരാഴ്ചക്കകം തുക ഒടുക്കിയിട്ടുണ്ടെന്ന് സ്ഥാപനങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്.

(6) ഫ്രീഷിപ്പ് കാർഡ് വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ ബന്ധപ്പെട്ട ഡയറക്ടർമാർ സ്വീകരിക്കുന്നതാണ്.

## <u>(H) സർക്കാർ ജീവനക്കാരുടെ പഠനം സ്കോളർഷിപ്പ് വ്യവസ്ഥകൾ</u>

(1) സർക്കാർ ജീവനക്കാരായ വിദ്യാർഥികൾ പാർട്ട് ടൈം കോഴ്സ് ചെയ്യുന്നവരാണെങ്കിൽ സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുന്നതല്ല. ക്ലാസ് IV ജീവനക്കാർക്ക് ഇത് ബാധകമല്ല.

(2) സർക്കാർ ജീവനക്കാർക്ക് അവരുടെ സർവീസിനോ സർവീസുമായി ബന്ധപ്പെട്ട ഉന്നത തൊഴിൽ ലഭിക്കുന്നതിനോ ഗുണകരമാണെങ്കിൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ച് ഉന്നത പഠനം നടത്തുന്നതിന് ചുവടെ പറയുന്ന നിബന്ധനകൾക്കു വിധേയമായി സ്കോളർഷിപ്പ് നൽകുന്നതാണ്.

a) മെറിറ്റ്/റിസർവേഷൻ സീറ്റിൽ പ്രവേശനം നേടുന്നവർക്ക് മാത്രമേ സ്കോളർഷിപ്പ് ലഭിക്കുകയുള്ളൂ.

b) സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ കോഴ്സ് ഫീസ് മാത്രമേ അനുവദിക്കുകയുള്ളൂ. അക്കാഡമിക് അലവൻസുകൾ ലഭിക്കുന്നതല്ല.

c) ഈ ആനുകൂല്യം സർവീസിൽ ഒറ്റത്തവണ ഒരു കോഴ്സിനു മാത്രമേ ലഭിക്കുകയുള്ളൂ.

d) കോഴ്സ് കാലയളവിലെ ശമ്പളമോ മറ്റ് അലവൻസുകളോ ഭാവിയിൽ റീ- ഇംബേഴ്സ് ചെയ്തു നൽകുന്നതല്ല എന്നുറപ്പ് വരുത്തി സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

ഈ വ്യവസ്ഥകൾക്ക് 2022-23 വർഷം മുതൽ പ്രാബല്യമുണ്ടായിരിക്കും. സ.ഉ (അച്ചടി) നം. 50/2009/പ.ജ.പ.വ.വി.വ തീയതി 02.07.2009 ൽ പരാമർശിച്ചിട്ടുള്ള പ്രിമെട്രിക് വിദ്യാഭ്യാസം, പാരലൽ കോളജ് വിദ്യാഭ്യാസം, വിദേശ പഠനം എന്നിവ സംബന്ധിച്ച വ്യവസ്ഥകൾക്ക് പ്രത്യകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. പ്രിമെട്രിക് വിദ്യാഭ്യാസം, പാരലൽ കോളജ് വിദ്യാഭ്യാസം എന്നിവ സംബന്ധിച്ച വ്യവസ്ഥകൾക്ക് പ്രത്യകം ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ പരാമർശം (1) ഉത്തരവിലെ ഇത് സംബന്ധിച്ച വ്യവസ്ഥകൾ നിലനിൽക്കുന്നതാണ്. പരാമർശം (1) പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം, (2),(4),(5),(6),(7),(8),(10) ഉത്തരവുകൾ നിലനിൽക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രശാന്ത് എൻ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്,തിരുവനന്തപുരം.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്,തിരുവനന്തപുരം.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഹോമിയോപ്പതിക് ഡയറക്ടർ, തിരുവനന്തപുരം.
ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ആയുർവേദ കോളേജ് പ്രിൻസിപ്പൽമാർ (ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടർ മുഖേന).
മാനേജിംഗ് ഡയറക്ടർ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ.
എല്ലാ സർവ്വകലാശാല രജിസ്ട്രാർമാർക്കും ( പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം.
പ്രവേശന പരീക്ഷാ കമ്മീഷണർ, KEAM
ധനകാര്യ വകുപ്പ്.
പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പ്
പൊതുവിദ്യാഭ്യാസ വകുപ്പ്.
ഉന്നതവിദ്യാഭ്യാസ വകുപ്പ്.
ആരോഗ്യകുടുംബക്ഷേമ വകുപ്പ്.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് / വൊക്കേഷണൽ എഞ്ചിനീയറിംഗ്-നോൺ എഞ്ചിനീയറിംഗ് സ്കോളർഷിപ്പ്/പോസ്റ്റ്മെട്രിക്ക് പാരലൽ കോളേജ് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സമഗ്രമായ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി/പട്ടികവർഗ്ഗ വികസന (എ) വകുപ്പ്**

സ.ഉ.(അച്ചടി) നം.9/2023/SCSTD തീയതി,തിരുവനന്തപുരം, 26-12-2023

---

പരാമർശം:-

1. സ. ഉ(കൈ) No. 145/77/DD തീയതി 07/11/1977
2. സ. ഉ (കൈ) നം. 8/91/ പജപവവിവ തീയതി 19/02/1991
3. സ. ഉ (സാധാ) നം. 28/94/ പജ പവ വിവ തീയതി 11/07/94
4. സ.ഉ (കൈ) നം. 46/1995/പജ പവ വിവ തീയതി: 14/09/1995
5. സ.ഉ (അച്ചടി) നം. 50/2009/പജപവവിവ തീയതി 02/07/2009
6. സ.ഉ (സാധാ) നം. 500/2011/പജപവവിവ തീയതി 24/05/2011
7. സ.ഉ (സാധാ) നം. 2602/2017/പജപവവിവ തീയതി 13/10/2017
8. സ.ഉ (അച്ചടി) നം. 01/2020/പജപവവിവ തീയതി 09/01/2020
9. കേന്ദ്ര സർക്കാരിന്റെ 2021ലെ പുതുക്കിയ പ്രീമെട്രിക് സ്കോളർഷിപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ

**ഉത്തരവ്**

സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് പരാമർശം (1) മുതൽ (7) വരെയുള്ള ഉത്തരവിലെ വ്യവസ്ഥകൾ അനുസരിച്ചാണ് വിവിധ പ്രീമെട്രിക് സ്കോളർഷിപ്പുകൾ വിതരണം ചെയ്തു വരുന്നത്. പ്രീമെട്രിക് സ്കോളർഷിപ്പ് കാലോചിതമായി പരിഷ്കരിക്കുന്നതിനായി പരാമർശം (5) ഉത്തരവിലെ പ്രീമെട്രിക് സ്കോളർഷിപ്പ് സംബന്ധിച്ച ഖണ്ഡിക (A), (C) എന്നിവയുടെയും വിഭാഗം II സംസ്ഥാനത്തിനു പുറത്തുള്ള പഠനം എന്നിവയിൽ ഖണ്ഡിക (A)യിലെ വ്യവസ്ഥകൾ പരിഷ്കരിച്ചു കൊണ്ടും മാനദണ്ഡങ്ങൾ ഏകീകരിച്ചു കൊണ്ടും ഉത്തരവു പുറപ്പെടുവിക്കുന്നു.

1) ഈ ഉത്തരവിലെ വ്യവസ്ഥകൾക്ക് 2023-24 വർഷം മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

2 ) പ്രീമെട്രിക് സ്കോളർഷിപ്പുകൾ e-grantz 3.0 പോർട്ടൽ മുഖേന മാത്രമേ അനുവദിക്കുകയുള്ളൂ.

3 ) പ്രീമെട്രിക് സ്കോളർഷിപ്പ് ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റ് അടിസ്ഥാനത്തിൽ ലഭിക്കുന്ന മറ്റ് സ്കോളർഷിപ്പുുകളും വാങ്ങാവുന്നതാണ്.

4) ലംപ്സം ഗ്രാന്റ് , അധ്യയന വർഷാരംഭത്തിലുണ്ടാകുന്ന പഠന സംബന്ധമായ പ്രാരംഭ ചെലവുകൾ , സ്റ്റൈപ്പന്റ് എന്നിവയുടെ വിനിയോഗ വിവരങ്ങൾ വിദ്യാർത്ഥികളിൽ നിന്ന് വാങ്ങേണ്ടതില്ല.

5 ) ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന്റെ 1 0 % അധികം ലഭിക്കുന്നതാണ്.

**<u>പരിഷ്കരിച്ച മാനദണ്ഡങ്ങൾ</u>**

**ചുവടെ പറയുന്ന വിഭാഗങ്ങളിലായി പ്രീമെട്രിക് സ്കോളർഷിപ്പ് പരിഷികരിക്കുന്നു**

**(A). പ്രീ പ്രൈമറി മുതൽ8-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്**

**(B) 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്**

**(C) അനാരോഗ്യ ചുറ്റുപാടിൽ ജോലി ചെയ്യുന്നവരുടെ ആശ്രിതർക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്**

**(D)അംഗീകൃത അൺ എയിഡഡ് സ്കൂളിലെ വിദ്യാർത്ഥികൾക്കുള്ള റീ-ഇംപേഴ്സ്മെന്റ് സ്കോളർഷിപ്പ്**

**(E) കേന്ദ്രീയ വിദ്യാലയങ്ങളിൽ 10-ാം ക്ലാസ്സ് വരെയുള്ള പഠനത്തിന് സ്കോളർഷിപ്പ്**

**(F) സൈനിക സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്**

**(G) സാക്ഷരത മിഷൻ 10-ാം തരം തുല്യതാപഠനത്തിന് സ്കോളർഷിപ്പ്**

**( H ) വ്യവസായ പരിശീലന വകുപ്പിന്റെ അംഗീകാരമുള്ള നോൺ മെട്രിക് വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ്/ നോൺ എഞ്ചിനീയറിംഗ് കോഴ്സുകൾക്കും, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരമുള്ള മെട്രിക്/ നോൺ മെട്രിക് വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ്/ നോൺ എഞ്ചിനീയറിംഗ്, [Kerala Government Certificate in Engineering (KGCE)] കോഴ്സുകൾക്കുമുള്ള ആനുകൂല്യം**

**(I) പോസ്റ്റ്മെട്രിക്ക് പാരലൽ കോളേജ് സ്കോളർഷിപ്പ്**

**<u>(A) പ്രീ പ്രൈമറി മുതൽ 8-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്</u>**

സംസ്ഥാനത്തെ എല്ലാ സർക്കാർ/എയിഡഡ് സ്കൂൾ/ജി. വി. രാജ സ്പോർട്സ് സ്കൂൾ/ഐ. എച്ച്. ആർ. ഡി. ക്കു കീഴിലുള്ള ടെക്നിക്കൽ സ്കൂളുകൾ/ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷനു കീഴിലുള്ള ടെക്നിക്കൽ സ്കൂളുകൾ/ഡയറക്ടർ ഓഫ് ട്രെയിനിംഗ് തുടങ്ങിയവയുടെ കീഴിലുള്ള സ്കൂളുകളിൽ 1 മുതൽ8-ാം ക്ലാസ്സ് വരെയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർഥികൾക്ക് എല്ലാ അധ്യയന വർഷാരംഭത്തിലും ഒറ്റത്തവണയായി ലംപ്സം ഗ്രാന്റും , പട്ടികജാതി വിഭാഗ വിദ്യാർഥികൾക്ക് അധ്യയന വർഷാരംഭത്തിലുണ്ടാകുന്ന പഠന സംബന്ധമായ

പ്രാരംഭ ചെലവുകൾ , ഓൺലൈൻ പഠന സംബന്ധമായ ആവശ്യങ്ങൾ എന്നിവക്കായി സഹായവും, പട്ടികവർഗ്ഗ വിഭാഗ വിദ്യാർഥികൾക്ക് സ്റ്റൈപ്പന്റും ലഭിക്കും. ഇതിന് പുറമെ പട്ടികവർഗ്ഗ വിഭാഗത്തിലെ പി.വി.റ്റി.ജി വിദ്യാർഥികൾക്കും, പട്ടികജാതി വിഭാഗത്തിലെ ദുർബല സമുദായത്തിൽ ഉൾപ്പെട്ട വിദ്യാർഥികൾക്കും പഠന നിലവാരം ഉയർത്തുന്നതിന് അധിക സഹായമായി പ്രതിമാസ സ്റ്റൈപ്പന്റ് ജൂൺ, നവംബർ മാസങ്ങളിൽ രണ്ടു തവണയായി ലഭിക്കും. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ പ്രീ പ്രൈമറി വിദ്യാർഥികൾക്ക് നിലവിലുള്ള ആനുകൂല്യവും ലഭിക്കും.

**<u>(B) 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്</u>**

സംസ്ഥാനത്തെ എല്ലാ സർക്കാർ/എയിഡഡ് സ്കൂൾ/ജി. വി. രാജ സ്പോർട്സ് സ്കൂൾ/ഐ. എച്ച്. ആർ. ഡി. ക്കു കീഴിലുള്ള ടെക്നിക്കൽ സ്കൂളുകൾ/ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷനു കീഴിലുള്ള ടെക്നിക്കൽ സ്കൂളുകൾ/ഡയറക്ടർ ഓഫ് ട്രെയിനിംഗ് തുടങ്ങിയവയുടെ കീഴിലുള്ള സ്കൂളുകളിൽ 9, 1 0 ക്ലാസ്സുകളിലെ എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർഥികൾക്ക് എല്ലാ അധ്യയന വർഷാരംഭത്തിലും ഒറ്റത്തവണയായി ലംപ്സം ഗ്രാന്റ് ലഭിക്കുന്നതാണ്. കേന്ദ്രസർക്കാർ മാർഗനിർദേശ പ്രകാരം നിശ്ചയിച്ചിട്ടുള്ള വരുമാന പരിധിക്ക് ബാധകമായിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർഥികൾക്ക് ഒറ്റത്തവണയായി ഡേ സ്കോളർ/ ഹോസ്റ്റലർ വിഭാഗങ്ങൾക്കായി സംസ്ഥാന-കേന്ദ്ര സർക്കാർ വിഹിതമടങ്ങിയ അക്കാഡമിക് അലവൻസും ലഭിക്കുന്നതാണ്. കേന്ദ്രസർക്കാർ മാർഗനിർദേശ പ്രകാരം നിശ്ചയിച്ചിട്ടുള്ള വരുമാന പരിധിക്ക് പുറത്തുള്ള പട്ടികവർഗ്ഗ വിഭാഗ വിദ്യാർഥികൾക്ക് സ്റ്റൈപെന്റ് ലഭിക്കും. ഇതിന് പുറമെ പട്ടികവർഗ്ഗ വിഭാഗത്തിലെ പി.വി.റ്റി.ജി വിദ്യാർഥികൾക്കും, പട്ടികജാതി വിഭാഗത്തിലെ ദുർബല സമുദായത്തിൽ ഉൾപ്പെട്ട വിദ്യാർഥികൾക്കും പഠന നിലവാരം ഉയർത്തുന്നതിന് അധിക സഹായമായി പ്രതിമാസ സ്റ്റൈപ്പന്റ് ജൂൺ, നവംബർ മാസങ്ങളിൽ രണ്ടു തവണയായി ലഭിക്കും

**<u>(C) അനാരോഗ്യ ചുറ്റുപാടിൽ ജോലി ചെയ്യുന്നവരുടെ ആശ്രിതർക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്</u>**

അനാരോഗ്യ ചുറ്റുപാടിൽ ജോലി ചെയ്യുന്നവരുടെ ആശ്രിതർക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് ഒറ്റത്തവണയായി ഡേ സ്കോളർ/ഹോസ്റ്റലർ വിഭാഗങ്ങൾക്കായി സംസ്ഥാന-കേന്ദ്ര സർക്കാർ വിഹിതമടങ്ങിയ അക്കാഡമിക് അലവൻ സ് 1 മുതൽ 1 0 ക്ലാസു വരെയുള്ള വിദ്യാർത്ഥിക്ക് ലഭിക്കുന്നതാണ്. അനാരോഗ്യ ചുറ്റുപാടിൽ ജോലി ചെയ്യുന്നവർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണെങ്കിൽ 1-ാം ക്ലാസു മുതൽ 8-ാം ക്ലാസു വരെയുള്ള ഈ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് മാത്രം ഖണ്ഡിക- ( A ) പ്രകാരമുള്ള വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പിന് പുറമേ ഈ അക്കാഡമിക് അലവൻസ് കൂടി ലഭിക്കും. അനാരോഗ്യ ചുറ്റുപാടിൽ ജോലി ചെയ്യുന്നവർ പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവരാണെങ്കിൽ 9 ,10 ക്ലാസു വരെയുള്ള ഈ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഖണ്ഡിക-(B) പ്രകാരമോ/ഖണ്ഡിക (C) പ്രകാരമുള്ള സ്കോളർഷിപ്പോ

ലഭിക്കും. ഈ വിദ്യാർത്ഥികൾക്ക് ഉചിതമായ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുക്കാം.

**(D) അംഗീകൃത അൺ എയിഡഡ് സ്കൂളിലെ വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ് & റീ-ഇംപേഴ്സ്മെന്റ് സ്കോളർഷിപ്പ്**

സംസ്ഥാനത്തെ സർക്കാർ അംഗീകൃത അൺ-എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന 1 മുതൽ 10 വരെയുള്ള ക്ലാസുകളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർഥികൾക്ക് ലംപ്സം ഗ്രാന്റും, സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ നിശ്ചിത തുക ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ് ഇനങ്ങളിൽ റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നതാണ്.

**നിബന്ധനകൾ**

1. സ്കോളർഷിപ്പ് ലഭിക്കുന്നതിന് ബന്ധപ്പെട്ട സ്കൂളുകൾ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സമ്പൂർണ സ്കൂൾ കോഡ് ഉപയോഗിച്ച് **e-grantz3.0** പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

2. (A), (B) ,(C) സ്കോളർഷിപ്പുകൾക്ക് ജാതി, വരുമാനം സംബന്ധമായ രേഖകൾ**e-district** സംവിധാനത്തിലൂടെ **e-grantz3.0** പോർട്ടലിൽ വാലിഡേറ്റ് ചെയ്യുന്ന സംവിധാനം നടപ്പിലാക്കുന്നതു വരെ അതാത് സ്ഥാപന മേധാവികൾ വിദ്യാർഥികളുടെ ജാതി സംബന്ധമായ രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം വിദ്യാർഥികളുടെ വിവരങ്ങൾ **e-grantz3.0** പോർട്ടലിൽ രജിസ്റ്റർ ചെയ്ത് സ്കോളർഷിപ്പ് അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

3. (D) സ്കോളർ ഷിപ്പിന് അതാത് സ്ഥാപന മേധാവികൾ വിദ്യാർഥികളുടെ ജാതി സംബന്ധമായ രേഖകൾ ലഭ്യമാക്കി ആയത് **e-district** സംവിധാനത്തിലൂടെ **e-grantz3.0** പോർട്ടലിൽ വാലിഡേറ്റ് ചെയ്ത ശേഷം ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. 4. സ്കോളർഷിപ്പുകൾക്ക് ഓരോ അധ്യയന വർഷത്തെയും അപേക്ഷകൾക്കുള്ള സമയപരിധി പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർമാർ മുൻകൂട്ടി പ്രസിദ്ധീകരിക്കുന്നതും നിശ്ചിത സമയത്തിനുള്ളിൽ സ്ഥാപനങ്ങൾ അപേക്ഷ സമർപ്പിക്കേണ്ടതുമാണ്.

5. സ്കോളർഷിപ്പ് നിരക്കുകൾ ഈ ഉത്തരവിന് അനുബന്ധമായി ചേർത്തിരിക്കുന്നു.

**(E) കേന്ദ്രീയ വിദ്യാലയങ്ങളിൽ 10-ാം ക്ലാസ്സ് വരെയുള്ള പഠനത്തിന് സ്കോളർഷിപ്പ്**

കേന്ദ്രീയ വിദ്യാലയങ്ങളിൽ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർഥികൾക്ക് ലംപ്സം ഗ്രാന്റും, **Kendriya Vidyalaya Sangathan** കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലുള്ള കമ്പ്യൂട്ടർ ഫീസും, വിദ്യാലയ വികാസ് നിധി (വി.വി.എൻ) യും **e-grantz3.0** പോർ ട്ടൽ മുഖേന ലഭിക്കും.

**(F) സൈനിക സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്**

സൈനിക സ്കൂളിൽ പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, ക്ലോത്തിംഗ് ചാർജ്, പോക്കറ്റ് മണി, അദർ ചാർജസ് ഇനങ്ങളിലുള്ള തുകയും, ലംപ്സംഗ്രാന്റും ലഭിക്കും.

**നിബന്ധനകൾ**

1) സൈനിക സ്കൂൾ സൊസൈറ്റി ബോർഡ് ഓഫ് ഗവർണേഴ്സ് അംഗീകരിച്ച ഫീസ് നിരക്കുകൾ എല്ലാ അധ്യയന വർഷാരംഭത്തിലും സൈനിക സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി ജില്ലാ പട്ടികജാതി/ പട്ടികവർഗ്ഗ വികസന ഓഫീസർക്ക് നൽകേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് അനുവദിക്കേണ്ടതുമാണ്.

2) സൈനിക സ്കൂളിൽ പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റായി ആദ്യവർഷം 1500/-രൂപയും, തുടർന്നുള്ള വർഷങ്ങളിൽ 500/-രൂപ വീതവും ലഭിക്കുന്നതാണ്.

3) സ്കോളർഷിപ്പുകൾ വിദ്യാർത്ഥിയുടെ അക്കൗണ്ടിൽ നൽകുന്നതാണ്.

4) സൈനിക സ്കൂളിൽ പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ജില്ലാ പട്ടികജാതി/പട്ടികവർഗ്ഗ വികസന ഓഫീസിൽ അപേക്ഷ അദ്ധ്യയന വർഷാരംഭത്തിൽ തന്നെ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം പ്രവേശനം നേടിയത് സംബന്ധിച്ച് സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം, സ്ഥാപനത്തിൽ സമർപ്പിച്ചിട്ടുള്ള എഗ്രിമെന്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ജാതി സർട്ടിഫിക്കറ്റ്, വിദ്യാർത്ഥിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് വിവരങ്ങളുടെ പകർപ്പ് എന്നിവ സമർപ്പിക്കേണ്ടതാണ്.

5) റിന്യൂവൽ അപേക്ഷകർ വിദ്യാർത്ഥികൾ സ്ഥാപനത്തിൽ പഠനം തുടരുന്നുവെന്ന സാക്ഷ്യപത്രം മാത്രം നൽകിയാൽ മതി.

6) പ്രവേശനം നേടി 3 മാസത്തിനകം സ്കോളർഷിപ്പ് അപേക്ഷ ജില്ലാ പട്ടികജാതി/പട്ടികവർഗ്ഗ വികസന ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ന്യായമായ കാരണമില്ലാതെ വൈകി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

7) അധ്യയന വർഷം കഴിഞ്ഞ ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു

കാരണവശാലും പരിഗണിക്കുന്നതല്ല.

8 ) പ്രവേശനം നേടിയ ആദ്യവർഷം അപേക്ഷ സമർപ്പിക്കാത്തവർക്ക് അടുത്ത അധ്യയന വർഷത്തേക്കുള്ള സ്കോളർഷിപ്പിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**(G) സാക്ഷരത മിഷൻ 10-ാം തരം തുല്യതാപഠനത്തിന് സ്കോളർഷിപ്പ്**

സാക്ഷരതാ മിഷൻ പത്താം തരം തുല്യതാ പഠനത്തിന് ഫീസാനുകൂല്യം മാത്രം ലഭിക്കുന്നതാണ്. ഇതിനായി സാക്ഷരതാ മിഷൻ ബന്ധപ്പെട്ട ജില്ലാ പട്ടികജാതി /പട്ടികവർഗ്ഗ വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**(H) വ്യവസായ പരിശീലന വകുപ്പിന്റെ അംഗീകാരമുള്ള നോൺ മെട്രിക് വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ്/ നോൺ എഞ്ചിനീയറിംഗ് കോഴ്സുകൾക്കും, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരമുള്ള മെട്രിക്/ നോൺ മെട്രിക് വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ്/ നോൺ എഞ്ചിനീയറിംഗ്, [Kerala Government Certificate in Engineering (KGCE)] കോഴ്സുകൾക്കുമുള്ള ആനുകൂല്യം**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരമുള്ള മെട്രിക്/ നോൺ മെട്രിക് വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ്/ നോൺ എഞ്ചിനീയറിംഗ്, KGCE കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/പട്ടികവർ ഗ്ഗ വിഭാഗ വിദ്യാർഥികൾക്കും, വ്യവസായ പരിശീലന വകുപ്പിന്റെ അംഗീകാരമുള്ള നോൺ മെട്രിക് വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ്/ നോൺ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/പട്ടികവർ ഗ്ഗ വിഭാഗ വിദ്യാർഥികൾക്കും ചുവടെ പറയുന്ന നിബന്ധനകൾക്കു വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്.

**സർക്കാർ സ്ഥാപനങ്ങളിലെ ഖണ്ഡിക (H) ലെ കോഴ്സുകൾ**

1.വ്യവസായ പരിശീലന വകുപ്പിന്റെ/ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരമുള്ളതും, AISHE/UDISE കോഡ് ഉള്ളതുമായ സ്ഥാപനങ്ങളിൽ മെട്രിക് വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ്/ നോൺ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ്, 2023-24 മുതൽ 5.01.2023 ലെ സ.ഉ(പി) 2/2023/പജപവവി നമ്പർ ഗവ. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം **e-grantz3.0** പോർട്ടൽ മുഖേന അനുവദിക്കേണ്ടതാണ്. AISHE/UDISE കോഡ് ഇല്ലാത്ത സ്ഥാപനങ്ങൾ 2023-2024 അധ്യയന വർഷം തന്നെ AISHE/UDISE കോഡ് നേടിയെടുക്കേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങൾക്ക് 2023-2024 അധ്യയന വർഷം വരെ മാത്രമെ സ്കോളർഷിപ്പുകൾ അനുവദിക്കുകയുള്ളൂ.

2. സർക്കാർ സ്ഥാപനങ്ങളിലെ (H) ലെ നോൺ മെട്രിക് കോഴ്സുകൾക്ക് മെറിറ്റ് /റിസർവേഷനിൽ അഡ്മിഷനാകുന്ന പട്ടികജാതി/പട്ടികവർ ഗ്ഗ വിഭാഗ വിദ്യാർഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, സർക്കാർ അംഗീകൃത നിരക്കിലുള്ള കോഴ്സ് ഫീസ് എന്നിവ ലഭിക്കും.

3. കുറഞ്ഞത് ആറുമാസം കാലാവധിയുള്ള കോഴ്സുകൾക്കു മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ.

4. സർക്കാർ സ്ഥാപനങ്ങളിലെ വിദ്യാർഥികൾക്കുള്ള മേൽ പ്രകാരമുള്ള ആനുകൂല്യ അപേക്ഷകൾ സ്ഥാപന മേധാവികൾ അതാത് SCDO/ STDO ഓഫീസുകളിൽ സമർപ്പിക്കേണ്ടതും SCDO/STDO മാർ ആയത് പരിശോധിച്ച് മാനദണ്ഡങ്ങൾ പാലിച്ച് തുക വിതരണം നടത്തേണ്ടതുമാണ്.

<u>സ്വകാര്യ സ്ഥാപനങ്ങളിലെ ഖണ്ഡിക (H) ലെ കോഴ്സുകൾ</u>

വ്യവസായ പരിശീലന വകുപ്പിന്റെ/ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരമുള്ളതും, AISHE/UDISE കോഡ് ഇല്ലാത്തതുമായ സ്ഥാപനങ്ങളിൽ മെട്രിക് വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ്/ നോൺ എഞ്ചിനീയറിംഗ് കോഴ്സുകൾ ക്ക് 2023-2024 അധ്യയന വർഷം വരെ മാത്രമെ സ്കോളർഷിപ്പുകൾ അനുവദിക്കുകയുള്ളൂ. ഇത്തരം സ്ഥാപനങ്ങൾ 2023-2024 അധ്യയന വർഷം തന്നെ AISHE/UDISE കോഡ് നേടിയെടുക്കേണ്ടതാണ്. AISHE/UDISE കോഡ് നേടിയെടുക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് 2024-2025 മുതൽ 5.01.2023 ലെ സ.ഉ(പി) 2/2023/പജപവവി നമ്പർ ഗവ. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം e-grantz3.0 പോർട്ടൽ മുഖേന സ്കോളർ ഷിപ്പുകൾ അനുവദിക്കുന്നതാണ്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ / വ്യവസായ പരിശീലന വകുപ്പിന്റെ അംഗീകാരമുള്ള സ്വകാര്യ സ്ഥാപനങ്ങളിലെ കോഴ്സുകൾക്ക് പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംഗീകാര ഉത്തരവ് നൽകുന്ന നിലവിലെ രീതിക്ക് പകരം സ്വകാര്യ സ്ഥാപനങ്ങളിലെ ഖണ്ഡിക (H) ലെ നോൺ മെട്രിക് വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ്/ നോൺ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് , സർക്കാർ അംഗീകൃത നിരക്കിലുള്ള കോഴ്സ് ഫീസ് പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജില്ലാ തല കോർപ്പസ് ഫണ്ടിൽ നിന്നും 2023-2024 മുതൽ ചുവടെ പറയുന്ന നിബന്ധനകൾക്കു വിധേയമായി ലഭിക്കും.

(a) വ്യവസായ പരിശീലന വകുപ്പിന്റെ/ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരമുള്ളതുമായ സ്ഥാപനങ്ങളിൽ നോൺ മെട്രിക് വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ്/ നോൺ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി, സ്ഥാപനങ്ങളുടെ പ്രവർത്തന മികവും ഭൗതിക സാഹചര്യങ്ങളും പഠന സൗകര്യവും അധ്യയന വർഷാരംഭത്തിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർ, അസിസ്റ്റന്റ് ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർ അതാത് ജില്ലയിലെ പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സമീപ ITI കളിലെ 2 ട്രെയിനിംഗ് സൂപ്രണ്ടുമാർ എന്നിവർ ഉൾപ്പെട്ട സമിതി പരിശോധിച്ച് ശുപാർശ സഹിതം ജില്ലാ പട്ടികജാതി/ പട്ടികവർഗ്ഗ വികസന ഓഫീസർക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതും, ജില്ലാ പട്ടികജാതി/ പട്ടികവർഗ്ഗ വികസന ഓഫീസർ പരിശോധനാ റിപ്പോർട്ട് അർഹതയുടെ അടിസ്ഥാനത്തിൽ അംഗീകരിക്കുന്ന മുറക്ക് മാത്രമേ ആനുകൂല്യം അനുവദിക്കുകയുള്ളൂ. ഓരോ വർഷവും ഇത് സംബന്ധിച്ച റിപ്പോർട്ട് ജില്ലാ പട്ടികജാതി/ പട്ടികവർഗ്ഗ വികസന ഓഫീസർ

പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർമാർക്ക് സമർപ്പിക്കേണ്ടതാണ്. ഡയറക്ടർമാർ എല്ലാ ജില്ലകളിലെയും റിപ്പോർട്ട് ക്രോഡീകരിച്ച് അതാത് ഭരണവകുപ്പുകൾക്ക് കൈമാറേണ്ടതാണ്.

**(b)** ഏതെങ്കിലും സ്ഥാപനങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ലെന്നു കാണുന്ന പക്ഷം ആനുകൂല്യം വിതരണം നിർത്തലാക്കുന്നതാണ്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ / വ്യവസായ പരിശീലന വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ തീരുമാന പ്രകാരം മാത്രമേ തുടർന്ന് ആനുകൂല്യം അനുവദിക്കുകയുള്ളൂ.

**(c)** വ്യവസായ പരിശീലന വകുപ്പിന്റെ/ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നോൺ മെടിക് വിഭാഗത്തിൽപ്പെട്ടതും , **NCVT** അംഗീകാരമുള്ളതുമായ എഞ്ചിനീയറിംഗ്/ നോൺ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി ഒരോ കോഴ്സിനും / ട്രേഡിനും ഒരു അധ്യയന വർഷം ആകെ അനുവദിച്ചിട്ടുള്ള സീറ്റിന്റെ **20%** വിദ്യാർഥികൾക്കു മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. എന്നാൽ **NCVT** അംഗീകാരമില്ലാത്ത കോഴ്സിനും / ട്രേഡിനും ഒരു അധ്യയന വർഷം ആകെ അനുവദിച്ചിട്ടുള്ള സീറ്റിന്റെ **10%** വിദ്യാർഥികൾക്കു മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. നിലവിൽ പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർഥികൾക്ക് അവരുടെ കോഴ്സ് കാലാവധി തീരുന്നതു വരെ മാത്രം ആനുകൂല്യം നൽകുന്നതും അതിനു ശേഷമുള്ള പുതിയ ബാച്ചുകൾക്ക് മേൽ പ്രകാരം **10%** ൽ നിജപ്പെടുത്തി മാത്രം ആനുകൂല്യം നൽകുന്നതാണ്

**(d)** കുറഞ്ഞത് ആറുമാസം കാലാവധിയുള്ള കോഴ്സുകൾക്കു മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ.

**(e)** ഖണ്ഡിക **(H)** ലെ കോഴ്സുകൾക്ക് പ്രവേശനത്തിനായി പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക ഇന്റർവ്യൂ നടത്തുന്നതല്ല. മേൽ ഖണ്ഡികയിലെ നിബന്ധനകൾ പ്രകാരം ഓരോ വർഷവും സ്ഥാപനം പ്രവേശനം നൽകിയിട്ടുള്ള നിശ്ചിത **10%** എണ്ണം വിദ്യാർഥികളുടെ ആനുകൂല്യത്തിനുള്ള അപേക്ഷകൾ അനുബന്ധ രേഖകൾ സഹിതം സ്ഥാപന മേധാവി ജില്ലാ പട്ടികജാതി/ പട്ടികവർഗ്ഗ വികസന ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അസിസ്റ്റന്റ് ജില്ലാ പട്ടികജാതി/ പട്ടികവർഗ്ഗ വികസന ഓഫീസർ അപേക്ഷകൾ പരിശോധിച്ച് മാനദണ്ഡ പ്രകാരം അർഹതയുള്ളയവരുടെ പട്ടിക അംഗീകരിച്ച ശേഷം നടപടിക്രമങ്ങൾ പാലിച്ച് തുക വിതരണം ചെയ്യേണ്ടതാണ്.

**(f)** സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ/വ്യവസായ പരിശീലന വകുപ്പിന്റെ അംഗീകാരമുള്ള കോഴ്സുകൾ നടത്തുന്ന സ്വകാര്യ സ്ഥാപനങ്ങൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപനങ്ങൾ സ്വയംസംരംഭകത്വം/തൊഴിൽ ഉറപ്പുവരുത്തേണ്ടതാണ്

**(g)** സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ/വ്യവസായ പരിശീലന വകുപ്പിന്റെ

അംഗീകാരമുള്ള സ്വകാര്യ സ്ഥാപനങ്ങളിലെ ഖണ്ഡിക (H)ലെ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ കോഴ്സുകൾ റിപ്പീറ്റ് ചെയ്ത വരുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. കോഴ്സുകൾ റിപ്പീറ്റ് ചെയ്ത വരുന്ന വിദ്യാർത്ഥികളുടെ തുടർന്നുള്ള സ്കോളർഷിപ്പ് റദ്ദ് ചെയ്യേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങളുടെ ആനുകൂല്യം വിതരണം നിർത്തലാക്കുന്നതാണ്.

(h) കോഴ്സുകൾക്ക് ആനുകൂല്യം ലഭിക്കുന്നതിനുള്ള വിദ്യാർത്ഥികളുടെ പ്രായപരിധി 40 ആണ്.

<u>(I) പോസ്റ്റ്മെട്രിക്ക് പാരലൽ കോളേജ് സ്കോളർഷിപ്പ്</u>

പാരലൽ കോളജ് വിദ്യാഭ്യാസത്തിന് അനുബന്ധത്തിൽ പറയുന്ന പ്രകാരം വാർഷിക നിരക്കിൽ ഒറ്റത്തവണയായി ആനുകൂല്യങ്ങൾ നൽകുന്നതാണ്.

<u>നിബന്ധനകൾ</u>

1) ഹയർ സെക്കന്ററി തലത്തിൽ റഗുലർ പഠനത്തിനായി നിലവിലുള്ള ഏകജാലക സംവിധാനം മുഖേന അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും എന്നാൽ അലോട്ട്മെന്റിന്റെ ഒരു ഘട്ടത്തിലും പ്രവേശനം ലഭിച്ചിരുന്നില്ല എന്നുമുള്ള സാക്ഷ്യപത്രം ബന്ധപ്പെട്ട അധികാരികളിൽ നിന്നും ഹാജരാക്കേണ്ടതാണ്. എന്നാൽ ബിരുദ/ ബിരുദാനന്തര ബിരുദ പഠനത്തിന് ഈ വ്യവസ്ഥ ബാധകമല്ല

2) തദ്ദേശ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃത പാരലൽ കോളജുകളിൽ പഠിക്കുന്നതിനു മാത്രമേ ആനുകൂല്യം അനുവദിക്കുകയുള്ളു.

3 ) സ്ഥാപനത്തിന്റെ ഭൗതിക സൗകര്യങ്ങളും സാഹചര്യവും ബന്ധപ്പെട്ട SCDO/STDO പരിശോധിച്ച് ബോധ്യപ്പെടേണ്ടതും അസിസ്റ്റന്റ് ജില്ലാ പട്ടികജാതി/ പട്ടികവർഗ്ഗ വികസന ഓഫീസർക്ക് പരിശോധനാ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്. ജില്ലയിൽ അപേക്ഷ സമർപ്പിക്കുന്ന മൊത്തം സ്ഥാപനങ്ങളിൽ കുറഞ്ഞത് 1 0 % എണ്ണത്തിൽ അസിസ്റ്റന്റ് ജില്ലാ പട്ടികജാതി/ പട്ടികവർഗ്ഗ വികസന ഓഫീസർ random verification നടത്തേണ്ടതാണ്.

4) ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന വിദ്യാർഥികൾ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഒന്നാം വർഷത്തെ അപേക്ഷകൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കാത്തവർക്ക് ആ അധ്യയന വർഷത്തെ സ്കോളർഷിപ്പ് ലഭിക്കുന്നതല്ല.

5) അതാത് വർഷത്തെ ഹാൾ ടിക്കറ്റ്, ഹാജർ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട സ്കോളർഷിപ്പ് തുക റീ-ഇംബേഴ്സ്മെന്റ് ആയി അനുവദിക്കുന്നതാണ്.

6) ഒന്നാം വർഷ അപേക്ഷ അംഗീകരിച്ച ശേഷം ഒന്നാം വർഷത്തെ ഹാൾ ടിക്കറ്റ്, ഹാജർ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കുന്ന മുറക്ക് ഒന്നാം വർഷത്തെ സ്കോളർഷിപ്പ്

നൽകുന്നതാണ്. തുടർന്നുള്ള വർഷങ്ങളിൽ യഥാസമയം റിന്യൂവൽ അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ അംഗീകരിച്ച ശേഷം അതാത് വർഷത്തെ ഹാൾ ടിക്കറ്റ്, ഹാജർ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കുന്ന മുറക്ക് സ്കോളർഷിപ്പ് നൽകുന്നതുമാണ്

7) ഓരോ വർഷവും മൊത്തം 75% മുകളിൽ ഹാജർ ഉണ്ടെങ്കിൽ മാത്രമേ അലവൻസ് തുക പൂർണമായി ലഭിക്കുകയുള്ളു. 75% ൽ താഴെയാണ് ഹാജർ നിലയെങ്കിൽ അലവൻസ് തുക ആനുപാതികമായി കുറവു ചെയ്യുന്നതാണ്. എന്നാൽ ഹാജർ നില 50% ൽ താഴെയാണെങ്കിൽ അലവൻസ് പൂർണമായും കുറവു ചെയ്യുന്നതാണ്.

8) ഓരോ വർഷത്തെയും ആനുകൂല്യം ലഭിക്കുന്നതിന് അതാത് വർഷം ഡിസംബർ 31 നു മുമ്പായി ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്.

9) സ്കോളർഷിപ്പിനുള്ള അപേക്ഷകൾ വിദ്യാർഥികൾ ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്യേണ്ടതും അപേക്ഷയുടെ പ്രിന്റൗട്ട് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം എന്നിവ സഹിതം സ്ഥാപനം സ്ഥിതി ചെയ്യുന്ന ബ്ലോക്ക്/മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി/പട്ടികവർഗ്ഗ വികസന ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

10) തൊട്ടു മുമ്പത്തെ കോഴ്സുമായി ഒന്നോ അതിലധികമോ വർഷത്തെ ബ്രേക്ക് വന്നിട്ടുള്ളവർ ആയതിന് കാരണം തെളിവു സഹിതം രേഖാമൂലം സമർപ്പിക്കേണ്ടതാണ്

ഉത്തരവിൽ പരാമർശിച്ചിട്ടുള്ളതിൽ നിലവിൽ ഓൺലൈനല്ലാത്ത സ്കോളർഷിപ്പുകളും 2023-24 വർഷം തന്നെ e-grantz3.0 പോർട്ടൽ മുഖേന ഓൺലൈൻ സംവിധാനത്തിലേക്കു മാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പരാമർശം (1) ഉത്തരവിലെ പ്രീമെട്രിക് സ്കോളർഷിപ്പ് സംബന്ധിച്ച ഭാഗവും പരാമർശം (3) മുതൽ (7) വരെയുള്ള ഉത്തരവുകളും നിലനിൽക്കുന്നതല്ല. ഖണ്ഡിക (A) മുതൽ (I) വരെയുള്ള സ്കോളർഷിപ്പ് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മറ്റുള്ള എല്ലാ ഉത്തരവുകളും റദ്ദാക്കിയും ഉത്തരവാകുന്നു. പരാമർശം (8) ഉത്തരവിലെ പ്രീമെട്രിക്, വൊക്കേഷണൽ എഞ്ചിനീയറിംഗ്/ നോൺ എഞ്ചിനീയറിംഗ് എന്നിവയുടെ സ്കോളർഷിപ്പ് നിരക്കുകളും, പോസ്റ്റ്മെട്രിക്ക് പാരലൽ കോളേജ് സ്കോളർഷിപ്പ് നിരക്കുകളും സംബന്ധിച്ച ഭാഗം അനുബന്ധമായി പുനഃ ക്രമീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഉത്തരവിലെ ഏതെങ്കിലും ഭാഗം സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യമുള്ള പക്ഷം ആയത് സർക്കാർ തലത്തിൽ സ്പഷ്ടീകരണം നൽകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രശാന്ത് എൻ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.

പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പ്

പൊതുവിദ്യാഭ്യാസ വകുപ്പ്.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം

| വിഭാഗം | ലംപ്സം ഗ്രാന്റ് | അക്കാഡമിക് അലവൻസ്/എഡ്യൂക്കേഷൻ എയ്ഡ് | പ്രതിമാസ സ്റ്റൈപ്പന്റ് |
|---|---|---|---|
| **8-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്** | | | |
| പ്രീ പ്രൈമറി | | നിലവിലുള്ള ആനുകൂല്യം | |
| എൽ. പി വിഭാഗം | 750/- | പട്ടികജാതി വിദ്യാർഥികൾക്ക് മാത്രം എഡ്യൂക്കേഷൻ എയ്ഡ്- 2000/-<br><br>പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് മാത്രം സ്റ്റൈപ്പന്റ്-2000/- | പട്ടികവർഗ്ഗ വിഭാഗത്തിലെ വിഭാഗ പി.വി.റ്റി.ജി വിദ്യാർഥികൾക്കും, പട്ടികജാതി വിഭാഗത്തിലെ ദുർബല സമുദായത്തിൽ ഉൾപ്പെട്ട വിദ്യാർഥികൾക്കും -200/- |
| യു. പി വിഭാഗം | 900/- | പട്ടികജാതി വിദ്യാർഥികൾക്ക് മാത്രം എഡ്യൂക്കേഷൻ എയ്ഡ്- 2000/-<br><br>പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് മാത്രം സ്റ്റൈപ്പന്റ്-2000/- | പട്ടികവർഗ്ഗ വിഭാഗത്തിലെ പി.വി.റ്റി.ജി വിദ്യാർഥികൾക്കും, പട്ടികജാതി വിഭാഗത്തിലെ ദുർബല സമുദായത്തിൽ ഉൾപ്പെട്ട വിദ്യാർഥികൾക്കും -200/- |
| 8-ാം ക്ലാസ് | 1000/- | പട്ടികജാതി വിദ്യാർഥികൾക്ക് മാത്രം എഡ്യൂക്കേഷൻ എയ്ഡ്- 2000/-<br><br>പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് മാത്രം സ്റ്റൈപ്പന്റ്-2000/- | പട്ടികവർഗ്ഗ വിഭാഗത്തിലെ പി.വി.റ്റി.ജി വിദ്യാർഥികൾക്കും, പട്ടികജാതി വിഭാഗത്തിലെ ദുർബല സമുദായത്തിൽ ഉൾപ്പെട്ട വിദ്യാർഥികൾക്കും -200/- |
| **9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്** | | | |
| **9, 10 ക്ലാസ്** | 1000/- | കേന്ദ്രസർക്കാർ മാർഗനിർദേശ പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിൽ തുക | പട്ടികവർഗ്ഗ വിദ്യാർഥികൾക്കും, പട്ടികജാതി വിഭാഗത്തിലെ ദുർബല സമുദായത്തിൽ ഉൾപ്പെട്ട വിദ്യാർഥികൾക്കും -200/- |
| **അനാരോഗ്യ ചുറ്റുപാടിൽ ജോലി ചെയ്യുന്നവരുടെ ആശ്രിതർക്കുള്ള പ്രീമെട്രിക്** | | | |

| | | | |
|---|---|---|---|
| **സ്കോളർഷിപ്പ്** | | | |
| - | കേന്ദ്രസർക്കാർ മാർഗനിർദേശ പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിൽ തുക | - | - |
| **അംഗീകൃത അൺ എയിഡഡ് സ്കൂളിൽ ട്യൂഷൻ ഫീസ് റീ-ഇംപേഴ്സ്മെന്റ് സ്കോളർഷിപ്പ്** | | | |
| എൽ. പി / യു. പി വിഭാഗം | - | ട്യൂഷൻ ഫീസ് + സ്പെഷ്യൽ ഫീസ് - 1333/-<br><br>(1000+333) | - |
| ഹൈസ്കൂൾ വിഭാഗം | - | ട്യൂഷൻ ഫീസ് + സ്പെഷ്യൽ ഫീസ് - 2000/-<br><br>(1500+500) | - |
| **വ്യവസായ പരിശീലന വകുപ്പിന്റെ അംഗീകാരമുള്ള നോൺ മെട്രിക് വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ്/ നോൺ എഞ്ചിനീയറിംഗ് കോഴ്സുകൾക്കും, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരമുള്ള മെട്രിക്/ നോൺ മെട്രിക് വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ്/ നോൺ എഞ്ചിനീയറിംഗ്, [Kerala Government Certificate in Engineering (KGCE)] കോഴ്സുകൾക്കുമുള്ള സ്കോളർഷിപ്പ്** | | | |
| ഒന്നാം വർഷം | 900/- | - | 600/- |
| രണ്ടാം വർഷം | 800/- | - | 600/ |
| **പോസ്റ്റ്മെട്രിക്ക് പാരലൽ കോളേജ് സ്കോളർഷിപ്പ്** | | | |

| **കോഴ്സ്** | **ഒന്നാം വർഷം** | **തുടർന്നുള്ള വർഷങ്ങളിൽ** |
|---|---|---|
| **ഹയർ സെക്കന്ററി** | രജിസ്ട്രേഷൻ/ പരീക്ഷാ ഫീസ്- രൂ. 500/- ട്യൂഷൻ ഫീസ്+ അക്കാഡമിക് അലവൻസ്- രൂ. 6500/- **ആകെ** രൂ. 7000/- | ട്യൂഷൻ ഫീസ് + അക്കാഡമിക് അലവൻസ്- രൂ. 6500/-<br><br>**ആകെ** രൂ. 6500/- |
| **ബിരുദം** | രജിസ്ട്രേഷൻ/ പരീക്ഷാ ഫീസ് - രൂ. 1500/- ട്യൂഷൻ ഫീസ് + അക്കാഡമിക് അലവൻസ്- രൂ. 9500/-**ആകെ** രൂ. 11000/- | ട്യൂഷൻ ഫീസ് + അക്കാഡമിക് അലവൻസ്- രൂ. 10000/- **ആകെ** രൂ. 10000/- |
| **ബിരുദാനന്തര ബിരുദം** | രജിസ്ട്രേഷൻ/ പരീക്ഷാ ഫീസ് - രൂ. 1500/- ട്യൂഷൻ ഫീസ് + അക്കാഡമിക് അലവൻസ്- രൂ. 10500/- **ആകെ** രൂ. 12000/- | ട്യൂഷൻ ഫീസ് + അക്കാഡമിക് അലവൻസ്- രൂ. 11000/- **ആകെ** രൂ. 11000/- |